**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 94** | **30-08-2022 - ൽ മറുപടിയ്ക്ക്**

**റോഡപകടങ്ങൾ സംബന്ധിച്ച ഹൈക്കോടതി നിരീക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീമതി കെ.കെ.രമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾ ദിനംപ്രതി വർദ്ധിക്കുന്നുവെന്നും ആയത് അനുവദിക്കാനാകില്ലെന്നുമുള്ള ഹൈക്കോടതിയുടെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റണ്ണിംഗ് കോൺട്രാക്ട്, മഴക്കാലപൂർവ്വ പരിപാലനം, ഒ.പി.ബി.ആർ.സി, ഡി.എൽ.പി ബോർഡുകൾ സ്ഥാപിച്ച് പരിപാലനം ഉറപ്പാക്കൽ തുടങ്ങിയ പ്രവൃത്തികളിലൂടെ റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കി വരികയാണ്. സംസ്ഥാനത്ത് ദേശീയപാത കളിലേയും വിവിധ വകുപ്പുകളിലേയും റോഡുകളുടെ അറ്റകുറ്റപ്പണി പൂർത്തി യാക്കണമെന്ന ഹൈക്കോടതി വിധി പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുകയാണ് |
| (ബി) | റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കണമെന്ന് ആവശ്യപ്പെട്ടിട്ടും ആയത് അർഹിക്കുന്ന ഗൗരവത്തിൽ പരിഗണിച്ചില്ലെന്ന ഹൈക്കോടതിയുടെ നിരീക്ഷണം ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | റണ്ണിംഗ് കോൺട്രാക്ട്, മഴക്കാലപൂർവ്വ പരിപാലനം, ഒ.പി.ബി.ആർ.സി, ഡി.എൽ.പി ബോർഡുകൾ സ്ഥാപിച്ച് പരിപാലനം ഉറപ്പാക്കൽ തുടങ്ങിയ പ്രവൃത്തികളിലൂടെ റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കി വരികയാണ്. സംസ്ഥാനത്ത് ദേശീയപാത കളിലേയും വിവിധ വകുപ്പുകളിലേയും റോഡുകളുടെ അറ്റകുറ്റപ്പണി പൂർത്തി യാക്കണമെന്ന ഹൈക്കോടതി വിധി പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുകയാണ്. |
| (സി) | ഹൈക്കോടതിയുടെ വിമർശനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | കേരളത്തിലെ റോഡുകൾ പോട്ട് ഹോൾ ആക്കുക എന്ന ലക്ഷ്യത്തോടെ വൈവിധ്യമാർന്ന പദ്ധതികൾ ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള പദ്ധതികളാണ് സർക്കാർ നടപ്പാക്കുന്നത്.<br><br><u>റണ്ണിംഗ് കോൺട്രാക്ട്</u><br><br>റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതിയാണ് റണ്ണിംഗ് കോൺട്രാക്ട്. പരിപാലന കാലാവധിയിൽ അല്ലാത്ത റോഡുകളുടെ പരിപാലനം ഉറപ്പ വരുത്തുവാൻ നിശ്ചിത സമയത്തേക്ക് കരാറുകാരെ നേരത്തെതന്നെ നിശ്ചയിക്കുന്നതാണ് ഈ പദ്ധതി. |

റോഡുകളിൽ കുഴികളും മറ്റും ഉണ്ടായാൽ വേഗത്തിൽ പരിഹരിക്കുന്നതിന് സഹായകരമാണ് ഈ പദ്ധതി. റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയുടെ 12,332 കിലോമീറ്റർ റോഡിന്റെ പരിപാലനം ഈ വർഷം സാധ്യമായി.

റണ്ണിംഗ് കോൺട്രാക്ടറിൽ ഉൾപ്പെടാത്ത 9,210 കി.മീ റോഡുകളിൽ കുഴി അടക്കുന്നതിന് മഴക്കാലപൂർവ്വറോഡ് പരിപാലന പദ്ധതിയും നടപ്പാക്കുന്നുണ്ട്. പതിവിൽ നിന്നും വ്യത്യസ്തമായി മഴക്കാലപൂർവ്വ പ്രവൃത്തികളിൽ പാച്ച് വർക്കിന് കൂടിയുള്ള പ്രൊവിഷൻ കൂടി ഉൾപ്പെടുത്തിയാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്.

<u>ഒ.പി.ബി.ആർ.സി</u>

കോർ റോഡ് നെറ്റ് വർക്കിൽപ്പെട്ട പ്രധാനപ്പെട്ട റോഡുകളിൽ ഒ.പി.ബി.ആർ.സി പദ്ധതി നടപ്പാക്കുന്നത്. നിലവിൽ 283.81 കി.മീ റോഡുകളിലാണ് ഒ.പി.ബി.ആർ.സി പദ്ധതി നടപ്പിലാക്കുന്നത്.

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി -പി.എം.യു വിന്റെ കീഴിൽ പദ്ധതി നിർദ്ദേശിക്കപ്പെട്ട റോഡുകളിൽ അറ്റകുറ്റപ്പണികൾക്കായി 50 കോടി രൂപ അനുവദിച്ച് ചെലവഴിക്കുകയാണ്.

കനത്ത മഴ ഉണ്ടാകുമ്പോൾ റോഡുകളിലെ തകർച്ച താത്കാലികമായി പരിഹരിക്കുന്നതിന് പ്രത്യേക ടാസ്ക് ഫോഴ്സിന് രൂപം നൽകിയിട്ടുണ്ട്. ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം ഫലപ്രദമാണെന്നാണ് വിലയിരുത്തൽ. വിവിധ കുടിവെള്ള പദ്ധതികൾക്കായി കൈമാറിയ റോഡുകളിൽ ആവശ്യമായ അറ്റകുറ്റപ്പണി നടത്തുവാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പരിപാലന കാലാവധിയിലുള്ള റോഡുകളിൽ ഡി.എൽ.പി വിവരങ്ങൾ പരസ്യപ്പെടുത്തി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതും ഫലപ്രദമായി മാറുന്നുവെന്നാണ് ഫീൽഡിലെ അനുഭവം. റോഡിലെ കുഴികൾ നികത്താൻ ഉള്ള ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. എന്നാൽ കാലാവസ്ഥാവ്യതിയാനത്തെ തുടർന്ന് കാലവർഷത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ റോഡുപ്രവൃത്തികളെ കൂടി ബാധിക്കുന്നുണ്ട്. മഴ കനത്ത് പെയ്യുമ്പോൾ ചില റോഡുകളിൽ പുതുതായി കുഴികൾ രൂപപ്പെടുന്നുണ്ട്. ഇവ നികത്താനുള്ള

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ ജാഗ്രയോടെ തുടരാനും വിവിധ വിംഗുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ